**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2060** **16-03-2022 - ൽ മറുപടിയ്ക്ക്**

**തലസ്ഥാന നഗരത്തിൽ നടന്ന കൊലപാതകങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീമതി കെ.കെ.രമ | | null<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിലെ ക്രമസമാധാനനില തകർന്നിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പുനസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അടുത്തകാലത്ത് തലസ്ഥാന നഗരത്തിൽ ഗുണ്ടാ ആക്രമണങ്ങൾ വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് തടയാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗുണ്ടാ ആക്രമണങ്ങളും കൊലപാതകങ്ങളും പോലുള്ള സംഘടിത കുറ്റകൃത്യങ്ങൾ ഉന്മൂലനം ചെയ്യാനായി പ്രത്യേക പദ്ധതിക്ക് പോലീസ് രൂപം നൽകിയിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലയിലും പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളെയും മറ്റ് പ്രവർത്തനങ്ങളെയും നിരീക്ഷിക്കുകയും ഉചിത സമയത്ത് ആവശ്യമായ ഇടപെടലുകൾ നടത്തുകയുമാണ് ഇതിന്റെ കർത്തവ്യം. എസ്.എച്ച്.ഒ.മാരുടെ നേതൃത്വത്തിൽ രണ്ട് പോലീസ് ഉദ്യോഗസ്ഥർ അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളുടെ പ്രവർത്തനങ്ങൾ പ്രത്യേകം നിരീക്ഷിച്ചു വരുന്നു. സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരേയും അമർച്ച ചെയ്യുന്നതിന് "ഓപ്പറേഷൻ കാവൽ" എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടെത്തി അവർക്കെതിരെ കാപ്പാ നിയമം ഉൾപ്പെടെ കരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ വരുമാന സ്രോതസ് ഉൾപ്പെടെയുള്ള ഡാറ്റാബേസ് തയ്യാറാക്കി വരുന്നു. ഓപ്പറേഷൻ കാവൽ പദ്ധതി സംസ്ഥാനത്ത് വളരെ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.ജില്ലാ പോലീസ് മേധാവിമാർ കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്നവരുടെ പേരിൽ പോലീസ് സ്റ്റേഷൻ തലത്തിൽ ഹിസ്റ്ററി ഷീറ്റ് ആരംഭിച്ചിട്ടുണ്ട്.സംസ്ഥാനത്തെ എല്ലാ സ്റ്റേഷൻ പരിധിയിലുള്ള ഗുണ്ടകളുടെയും ,സംഘടിത കുറ്റകൃത്യങ്ങളിലും വിരുദ്ധ പ്രവർത്തനങ്ങളിലും എർപ്പെടുന്നവരുടെയും ലിസ്റ്റുകൾ പ്രത്യേകം തയ്യാറാക്കി ഗുണ്ടകളുടെയും അവരുടെ കൂട്ടാളികളുടെയും പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരിക്ഷിച്ചു വരുന്നുണ്ട്. അവരുടെ ഭാഗത്ത് നിന്നും ഏതെങ്കിലും തരത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ 107 CrPC,110 CrPC പ്രകാരമുള്ള സെക്യൂരിറ്റി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നിരന്തരം സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ എർപ്പെടുന്നവർക്കെതിരെ KAA(P)A യിലെ വിവിധ വകുപ്പുകൾ ചുമത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | 2022 ഫെബ്രുവരി 25-ന് തിരുവനന്തപുരം നഗരത്തിൽ പട്ടാപ്പകൽ നടന്ന അരുംകൊല ഗൗരവത്തോടെ കാണുന്നുണ്ടോ; | (സി) | ഉണ്ട്. ഇത് സംബന്ധിച്ച് തമ്പാനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 342/2022 U/s 302 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കേസിലെ പ്രതി അജീഷ് എന്നയാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥിയിലാണ്. |
| (ഡി) | തമ്പാനൂരിൽ പ്രമുഖ ഹോട്ടലിലെ റിസപ്ഷനിസ്റ്റിനെ വെട്ടി കൊലപ്പെടുത്തിയ കേസിൽ അറസ്റ്റിലായ വ്യക്തിക്കെതിരെ വധശ്രമ, ചന്ദനക്കടത്തു കേസുകൾ ഉൾപ്പെടെ നിരവധി കേസുകൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. റിസപ്ഷനിസ്റ്റിനെ വെട്ടി കൊലപ്പെടുത്തിയ കേസിൽ അറസ്റ്റിലായ പ്രതി അജീഷിനെതിരെ നിലവിലുള്ള കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു. (i) നെടുമങ്ങാട് പോലീസ് സ്റ്റേഷൻ ക്രൈം നം.517/2013 U/s-294(b), 447,325, 323, 506(1), 34 IPC, (C.C-182/2014 ആയി ബഹു:നെടുമങ്ങാട് JFMC-II കോടതിയിൽ വിചാരണയിലാണ്.) (ii) നെടുമങ്ങാട് പോലീസ് സ്റ്റേഷൻ ക്രൈം നം.494/2016 U/s-294(b),341,307 IPC. (SC-142/2018 ആയി ബഹു:നെടുമങ്ങാട് അസിസ്റ്റന്റ് സെഷൻസ് കോടതിയിൽ വിചാരണയിലാണ്.) (iii) നെടുമങ്ങാട് പോലീസ് സ്റ്റേഷൻ ക്രൈം നം.1337/2016 U/s-341, 324,308, 506(ii), 34 IPC (SC-441/2018 ആയി ബഹു:നെടുമങ്ങാട് അസിസ്റ്റന്റ് സെഷൻസ് കോടതിയിൽ വിചാരണയിലാണ്.) (iv) നെടുമങ്ങാട് പോലീസ് സ്റ്റേഷൻ ക്രൈം നം.777/2021 U/s-143,147,148,149,324,326,308 IPC ആയ കേസ് അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് ബഹു.കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. (v) വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ ക്രൈം നം.848/2013 U/s-363, 376 IPC Sec-3, 4 of POCSO act.(SC 698/2015 ആയി |

| | | | |
|---|---|---|---|
| | | | ബഹു:തിരുവനന്തപുരം പോക്സോ കോടതിയിൽ വിചാരണയിലാണ്.) (vi) വർക്കല പോലീസ് സ്റ്റേഷൻ ക്രൈം നം.1753/2016 U/s-341, 307,34 IPC.(CC-802/2017 ആയി ബഹു:വർക്കല JFMC-I കോടതിയിൽ വിചാരണയിലാണ്.) (Vii)ആറ്റിങ്ങൽ പോലീസ് സ്റ്റേഷൻ ക്രൈം നം.798/2021 U/s-341,307,34 IPC.(CP 134/2021 ആയിട്ടുള്ളതാണ്.) (Viii)നെടുമങ്ങാട് പോലീസ് സ്റ്റേഷൻ ക്രൈം നം.1561/2021 U/s-107 CrPC. (ix) പാലോട് ഫോറസ്റ്റ് റെയിഞ്ച് ക്രൈം നം.15/16 U/s-47 B, 47 C (1)(i), 47 F, 47 G, 47 of Forest Act. |

സെക്ഷൻ ഓഫീസർ